നമ്പർ QIP2/36117/2014

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി, 28/05/2014

# സർക്കുലർ

സ്കൂൾ വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിലും ഐ.സി.ടി ഉൾപ്പെടെയുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തി പാഠ്യപദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കുന്നതിലും ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാകുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ കുട്ടികളുടെ വ്യക്തിഗത നേട്ടവും ഗുണനിലവാരവും വിലയിരുത്തുമ്പോൾ ഇനിയും ബഹുദൂരം നാം മുന്നേറേണ്ടിയിരിക്കുന്നു എന്നത് ഒരു വസ്തുതയാണ്. ആർ.ടി.ഇ.യുടെ പരിപ്രേക്ഷ്യത്തിൽ ചിന്തിക്കുമ്പോൾ ഏറ്റവും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിക്കും ലഭ്യമാകുന്നു എന്നുറപ്പാക്കുവാൻ നമുക്ക് ബാധ്യതയുണ്ട്. ഗുണനിലവാരം മെച്ചപ്പെടുത്താൻ ഒട്ടേറെ പ്രവർത്തനങ്ങൾ നാം നടത്തുന്നുണ്ടെങ്കിലും വിവിധതലങ്ങളിലുള്ള കൃത്യമായ മോണിട്ടറിംഗിന്റെ പോരായ്മകൾ ഒരു പ്രശ്നമായി നിലനിൽക്കുന്നു. മാറിയ പാഠ്യ പദ്ധതിക്കനുസരണമായി ഓരോ പഠിതാവിനേയും കേന്ദ്രീകരിച്ചുള്ള മോണിട്ടറിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. പഠനവുമായി ബന്ധപ്പെട്ട് അതാതു വിഷയങ്ങളിൽ നിശ്ചിത ആശയങ്ങളും ശേഷികളും ഓരോ പഠിതാവിനും ലഭ്യമാകുന്നു എന്നുറപ്പാക്കേണ്ട ചുമതല അധ്യാപകരുടേതാണ്. ആർ.ടി.ഇ.യിലൂടെ ഇതു കുട്ടിയുടെ അവകാശമായിരിക്കുന്നു എന്നതിനപ്പുറം മെച്ചപ്പെട്ട സമൂഹ സൃഷ്ടിക്കുവേണ്ടിയുള്ള അധ്യാപകന്റെ പ്രതിബദ്ധത കൂടിയാണിത്.

സ്കൂൾതലം മുതൽ സംസ്ഥാനതലം വരെ നിലവിലുള്ള മോണിട്ടറിംഗ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാനുള്ള ഒരു കർമ്മ പരിപാടി നടപ്പാക്കുന്നതിലൂടെ ഈ മേഖലയിൽ വലിയ നേട്ടങ്ങൾ കൈവരിക്കാൻ കഴിയും. ക്ലാസ് മുറികളിലെത്തി അധ്യാപകരുടെ പരിമിതികൾ കണ്ടെത്തുകയല്ല പകരം കുട്ടികൾ കൈവരിക്കേണ്ട പഠന ലക്ഷ്യങ്ങൾ എത്രമാത്രം സാക്ഷാത്കരിക്കപ്പെട്ടു എന്നുറപ്പാക്കലാണ് ഈ കർമ്മ പരിപാടിയുടെ ലക്ഷ്യം. ഈ അർത്ഥത്തിൽ അധ്യാപകരും പ്രധാനാധ്യാപകരും വിദ്യാഭ്യാസ ഓഫീസർമാരുമെല്ലാം ഈ കർമ്മ പരിപാടിയിലെ സുപ്രധാന കണ്ണികളാണ്. ഈ കണ്ണികളുടെയെല്ലാം. പരസ്പര ബന്ധിതമായ ചലനാത്മകത കൂടുതൽ ഉറപ്പാക്കാൻ ഓരോരുത്തരും നിർബന്ധമായും പാലിക്കേണ്ട ചില മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

വർഷാരംഭത്തിൽ തന്നെ ഒരു സ്കൂൾ വാർഷിക പദ്ധതി രൂപപ്പെടുത്തേണ്ടതും അതിനനുസരണമായി പ്രതിമാസകലണ്ടർ തയ്യാറാക്കേണ്ടതുമാണ്. അതാതു മാസങ്ങളിൽ കലണ്ടർ പ്രകാരമുള്ള അക്കാദമിക പ്രവർത്തനങ്ങൾ നടപ്പാക്കുന്നു എന്നുറപ്പാക്കപ്പെടണം. പഠവിനിമയവുമായി ബന്ധപ്പെട്ട ആസൂത്രണത്തിനാണ് സ്കൂൾ റിസോഴ്സ് ഗ്രൂപ്പും സബ്ജക്ട് കൗൺസിലുകളും മുൻഗണന നൽകേണ്ടത്.

**അധ്യാപകർ ചെയ്യേണ്ടവ**

1. പാഠ്യ പദ്ധതിക്കനുസരിച്ച് ടെക്സ്റ്റ് ബുക്ക്, ഹാൻഡ് ബുക്ക് എന്നിവയെ അടിസ്ഥാനമാക്കി പ്രക്രിയാബന്ധിത പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.
2. പഠനാസൂത്രണം ഫലപ്രദമായി നടക്കുന്നുവെന്നും ക്ലാസ് മുറികളിൽ ആസൂത്രണത്തിനനുസരിച്ചുള്ള വിനിമയം നടക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.
3. പഠനനേട്ടങ്ങൾ (ആശയ, ശേഷി, മനോഭാവ രൂപീകരണം) ഓരോ കുട്ടിയിലും നടക്കുന്നുണ്ടോ എന്നു വിലയിരുത്താനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.
4. ടീച്ചിംഗ് മാന്വലിന്റെ പ്രതികരണപ്പേജ് യഥാസമയം പൂർത്തിയാക്കേണ്ടതാണ്.
5. നിശ്ചിത പഠനനേട്ടങ്ങൾ (Learning Outcome) നേടാത്ത കുട്ടികൾക്കായുള്ള പരിഹാരബോധന പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഓരോ അധ്യാപകനും ശ്രമിക്കേണ്ടതാണ്.
6. യൂണിറ്റ് വിലയിരുത്തലിന്റെ ഫലങ്ങൾ എസ്.ആർ.ജി.യിലും രക്ഷാകർതൃ യോഗങ്ങളിലും അവതരിപ്പിക്കേണ്ടതാണ്.

**ഹെഡ്മാസ്റ്റർ ചെയ്യേണ്ടവ**

1. സ്കൂൾ വാർഷിക പദ്ധതി അധ്യാപകരുടേയും രക്ഷിതാക്കളുടേയും സഹായത്തോടെ രൂപപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു എന്നുറപ്പാക്കേണ്ടതാണ്. (അക്കാദമിക കാര്യങ്ങൾക്ക് മുൻഗണന നൽകിയും മാസം തോറും വിലയിരുത്തൽ നടത്തിയും പദ്ധതി കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.)
2. സ്കൂൾ പ്രവർത്തനങ്ങളെക്കുറിച്ച് പ്രഥമാധ്യാപകൻ സ്വയം വിലയിരുത്തൽ നടത്തേണ്ടതാണ്. സ്വയം വിലയിരുത്തൽ രേഖ മാസവും പൂരിപ്പിച്ച് സൂക്ഷിക്കേണ്ടതാണ്.
3. ക്ലാസ്മുറികളിൽ പ്രക്രിയാബന്ധിതമായി പഠനവിനിമയം നടക്കുന്നു എന്നുറപ്പാക്കാൻ കൃത്യമായ ക്ലാസ് മോണിട്ടറിംഗ് നടത്തേണ്ടതാണ്.
4. പഠനവിനിമയത്തിനാവശ്യമായ വിഭവങ്ങൾ ശേഖരിച്ചിട്ടുണ്ടോ - ആയത് പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.
5. ആഴ്ചയിൽ കുറഞ്ഞത് (എൽ.പി വിഭാഗത്തൽ 2, യു.പി വിഭാഗത്തിൽ 3, എച്ച്.എസ് വിഭാഗങ്ങളിൽ 5 അധ്യാപകരുടെയെങ്കിലും ക്ലാസ് പൂർണമായും വിലയിരുത്തി റിപ്പോർട്ട് എസ്.ആർ.ജി.യിൽ അവതരിപ്പിക്കേണ്ടതാണ്. അധ്യാപകരുടെ മികവുകൾക്ക് പ്രോത്സാഹനവും പോരായ്മകൾ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും നൽകാൻ ശ്രദ്ധിക്കണം. റിപ്പോർട്ട് മേൽതലങ്ങളിലേക്ക് യഥാസമയം നൽകുവാനും ശ്രദ്ധിക്കേണ്ടതുണ്ട്.
6. വിഷയ പരിപോഷണം (Content enrichment) മായി ബന്ധപ്പെടുത്തി അധ്യാപകർക്കുവേണ്ട പിന്തുണ നൽകുവാനുള്ള പരിപാടികളും ആസൂത്രണം ചെയ്യേണ്ടതുണ്ട്. ക്ലാസ് ടെസ്റ്റ്, ടേം പരീക്ഷകൾ എന്നിവ സമയബന്ധിതമായും കൃത്യമായും നടത്തി SEP (വിദ്യാർത്ഥി വിലയിരുത്തൽ രേഖ) തയ്യാറാക്കുകയും തുടർ പ്രവർത്തനങ്ങൾ നന്നായി സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്.
7. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, പൊതുജനങ്ങൾ, ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ആത്മബന്ധവും ആശയവിനിമയവും കാര്യക്ഷമമാക്കാൻ യത്നിക്കേണ്ടതാണ്.
8. സ്കൂളിലേക്കാവശ്യമായ വിഭവങ്ങളുടെ (Resource) ലഭ്യത പരമാവധി ഉറപ്പാക്കുന്നതിൽ പ്രത്യേക ശ്രദ്ധ വയ്ക്കേണ്ടതാണ്.
9. കലണ്ടർ പ്രകാരമുള്ള മിനിമം പഠന സമയം (academic hours) സ്കൂളിൽ ലഭ്യമാകുന്നു എന്ന് നിർബന്ധമായും ഉറപ്പാക്കേണ്ടതാണ്.
10. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട സൂചനകൾ പരിഗണിച്ചായിരിക്കണം മോണിറ്ററിംഗ് നടത്തേണ്ടത്.

**ഡി.ഇ.ഒ/എ.ഇ.ഒ/ഡയറ്റ് ഫാക്കൽട്ടി/ബി.പി.ഒ**

1. ഒരു മാസം 10 സ്കൂളുകളിലെങ്കിലും സന്ദർശിക്കണം.
2. ഹെഡ്മാസ്റ്റർ കോൺഫറൻസുകൾ കൃത്യമായി സംഘടിപ്പിക്കുകയും അക്കാദമിക് കാര്യങ്ങൾക്കായി മാത്രം ഉച്ചവരെയുള്ള സമയം നീക്കിവെയ്ക്കുകയും ചെയ്യേണ്ടതാണ്.
3. കോൺഫറൻസുകളുടെ അജണ്ടാ മുൻ കൂട്ടി സ്കൂളുകളിലെത്തിക്കണം.
4. സ്കൂളുകളിൽ കണ്ടെത്തിയ നൂതനമായ ഒരു അക്കാദമിക പ്രവർത്തനമെങ്കിലും കോൺഫറൻസിൽ അവതരിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.
5. സബ്ജില്ലാതല ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽ ബി.പി.ഒ, ഡയറ്റ് പ്രതിനിധി എന്നിവരും ജില്ലാതല കോൺഫറൻസിൽ ഡയറ്റ് പ്രതിനിധിയും നിർബന്ധമായും പങ്കെടുക്കണം.
6. സ്കൂളുകളിൽ നിന്നും അതാതു വിഷയങ്ങളിലെ പ്രഗത്സഭരായ അധ്യാപകരെ ഉൾപ്പെടുത്തി സബ്ജക്ട് റിസോഴ്സ് ഗ്രൂപ്പുകൾ രൂപപ്പെടുത്തുകയും മോണിട്ടറിംഗ്/OSS വിസിറ്റുകളിൽ ഉപയോഗപ്പെടുത്തുകയും ചെയ്യാവുന്നതാണ്.
7. മോണിട്ടറിംഗ് സംബന്ധിച്ച് റിപ്പോർട്ടുകൾ മേൽ ഓഫീസുകളിലേക്ക് നിർബന്ധമായും നൽകേണ്ടതാണ്.

**ജില്ലാതലം**

1. ഡി.ഡി.ഇ ഒരു മാസം 10 സ്കൂളുകളിലെങ്കിലും അക്കാദമിക മോണിട്ടറിംഗ് നടത്തേണ്ടതാണ്.
2. താഴെത്തട്ടിൽ നടക്കുന്ന അക്കാദമിക മോണിട്ടറിംഗ് പ്രവർത്തനങ്ങളെ കൃത്യമായി ക്രോഡീകരിക്കുകയും വിലയിരുത്തി ഡി.പി.ഐ.ക്ക് റിപ്പോർട്ട് ചെയ്യിക്കുകയും ജില്ലയിലെ വിവിധ ഏജൻസികളെ ഏകോപിപ്പിക്കുകയും ചെയ്യേണ്ടത് ഡി.ഡി.ഇ.യുടെ ചുമതലയാണ്.
3. ജില്ലാതല കോർഗ്രൂപ്പ്, ഓഫീസേഴ്സ്  മീറ്റിംഗുകൾ കൃത്യമായി സംഘടിപ്പികകേണ്ടതാണ്. ആയതിലേക്ക് അജണ്ട മുൻകൂട്ടി നൽകുകയും അക്കാദമിക് മോണിട്ടറിംഗുമായി ബന്ധപ്പെട്ട അവതരണങ്ങൾ അര ദിവസമെങ്കിലും നടക്കുന്നു എന്നുറപ്പാക്കേണ്ടതുമാണ്. (മികവുകൾ പങ്കുവെയ്ക്കാനുള്ള അവസരം നൽകണം).
4. മാസത്തിൽ ഒരു പ്രഥമാധ്യാപക യോഗത്തിലെങ്കിലും (ഡി.ഇ.ഒ/എ.ഇ.ഒ തലം) പങ്കെടുക്കാൻ ഡി.ഡി.ഇ പരിശ്രമിക്കേണ്ടതാണ്.

**സംസ്ഥാനതലം**

1. സംസ്ഥാനത്തെ പല മേഖലകളായി തിരിച്ച് അതാതു മേഖലകളിൽ സംസ്ഥാനതല മോണിട്ടറിംഗ് ടീമുകൾക്കു രൂപം നൽകി. ഓരോ ടീമും പ്രതിമാസം 10 സ്കൂളുകളിലെങ്കിലും അക്കാദമിക് മോണിട്ടറിംഗ് നടത്തുന്നുന്നു എന്നുറപ്പാക്കേണ്ടതാണ്.
2. റവന്യൂ ജില്ലാ തലത്തിൽ നിന്നും ലഭ്യമാകുന്ന മോണിട്ടറിംഗ് റിപ്പോർട്ടുകൾ യഥാസമയം പരിശോധിച്ച് തുടർ നടപടികൾ നടത്തേണ്ടതാണ്.
3. സ്കൂൾതലത്തിൽ നടക്കുന്ന മികച്ച പ്രവർത്തനങ്ങൾ അംഗീകരിക്കപ്പെടാനും പങ്കുവെയ്ക്കപ്പെടാനുമുള്ള അവസരം ഒരുക്കേണ്ടതാണ്.
4. സംസ്ഥാനതല യോഗങ്ങൾ പ്രതിമാസം സംഘടിപ്പിക്കുകയും ജില്ലാതല പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**പൊതുവിദ്യാഭ്യാസ വകുപ്പ്, കേരളം**

**പ്രഥമാധ്യാപകരുടെ സ്വയം വിലയിരുത്തൽ രേഖ 201415**

**സ്കൂളിന്റെ പേര്:** ............................ **ജില്ല** : ...........................

**വിദ്യാഭ്യാസ ജില്ല:** ............................ **ഉപജില്ല** : ...........................

## I. സ്കൂൾതല ആസൂത്രണം

* 3 മെച്ചപ്പെട്ടത് | 2 ശരാശരി | 1 ശരാശരിക്ക് താഴെ

| | | 3 | 2 | 1 |
|---|---|---|---|---|
| 1. | സ്കൂൾ വാർഷികപദ്ധതി തയ്യാറാക്കുകയും അതിനനുസരിച്ച് പ്രതിമാസ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. | ☐ | ☐ | ☐ |
| 2. | വാർഷിക കലണ്ടർ, പ്രതിമാസ കലണ്ടർ എന്നിവ പ്രദർശിപ്പിച്ചിട്ടുണ്ട്. | ☐ | ☐ | ☐ |
| 3. | എസ്.ആർ.ജി/സബ്ജക്ട് കൗൺസിൽ യോഗങ്ങൾ കാര്യക്ഷമമായി സംഘടിപ്പിക്കുകയും അവയുടെ മിനിട്ട്സ് രേഖപ്പെടുത്തുകയും ചെയ്യുന്നുന്നുണ്ട്. | ☐ | ☐ | ☐ |
| 4. | പ്രാദേശിക വൈദഗ്ദ്ധ്യം (Local resource) സ്കൂൾ തല ആസൂത്രണത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. | ☐ | ☐ | ☐ |
| 5. | എല്ലാ ക്ലാസ്സിലും ക്ലാസ്സ് കലണ്ടർ തയ്യാറാക്കി പ്രദർശിപ്പിക്കുകയും അത് പിന്തുടരുകയും ചെയ്യുന്നുണ്ട്. | ☐ | ☐ | ☐ |

## II. അധ്യാപകന്റെ ആസൂത്രണം

* 3 മെച്ചപ്പെട്ടത് | 2 ശരാശരി | 1 ശരാശരിക്ക് താഴെ

* കോളങ്ങളിൽ അധ്യാപകരുടെ എണ്ണം രേഖപ്പെടുത്തണം

| | | 3 | 2 | 1 |
|---|---|---|---|---|
| 1. | ടീച്ചിംഗ് മാന്വലിൽ പ്രവർത്തനങ്ങൾ പ്രക്രിയാധിഷ്ഠിതമായി രേഖപ്പെടുത്തിയിട്ടുണ്ട്. | ☐ | ☐ | ☐ |
| 2. | പ്രതികരണ പേജിൽ കുട്ടിയുടെ നില, (പഠന നേട്ടങ്ങൾ) പ്രവർത്തനത്തോടുള്ള പ്രതികരണം, പ്രക്രിയയുടെ ഫലപ്രാപ്തി എന്നിവ രേഖപ്പെടുത്തി വിശകലനം ചെയ്തിട്ടുണ്ട്. | ☐ | ☐ | ☐ |
| 3. | വൈവിധ്യമാർന്ന പഠനപ്രവർത്തനങ്ങളുടെ (പ്രോജക്ട്, സെമിനാർ, അസൈൻമെന്റ്, പരീക്ഷണങ്ങൾ, ശേഖരങ്ങൾ, ഫീൽഡ് ട്രിപ്പ്, അഭിമുഖം, ലൈബ്രറി തുടങ്ങിയവ) ആസൂത്രണം ടീച്ചിംഗ് മാന്വലിൽ ദൃശ്യമാണ്. | ☐ | ☐ | ☐ |
| 4 | ആവശ്യമായ പഠനോപകരണങ്ങൾ ഔചിത്യപൂർവ്വം ക്ലാസ്സിൽ ഉപയോഗിക്കുന്നുണ്ട്. | ☐ | ☐ | ☐ |
| 5. | ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. | ☐ | ☐ | ☐ |
| 6. | കുട്ടികൾ സ്വയം പഠനത്തിൽ ഏർപ്പെടുന്നതിനുള്ള ആസൂത്രണം ടി.എം.ൽ ദൃശ്യമാണ്. | ☐ | ☐ | ☐ |

## III. ഹെഡ്മാസ്റ്ററുടെ ആസൂത്രണം

* 

| 3 | 2 | 1 |
|---|---|---|
| മെച്ചപ്പെട്ടത് | ശരാശരി | ശരാശരിക്ക് താഴെ |

| | | 3 | 2 | 1 |
|---|---|---|---|---|
| 1. | അധ്യാപകർക്കും കുട്ടികൾക്കുമുള്ള ടൈംടേബിൾ ക്രമീകരിച്ചിട്ടുണ്ട്. | | | |
| 2. | അധ്യാപകരുടെ ക്ലാസുകൾ ആഴ്ചയിൽ ഒരിക്കൽ മോണിറ്റർ ചെയ്യുകയും, രേഖകൾ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. | | | |
| 3. | എസ്. ആർ.ജി/സബ്ജക്ട് കൗൺസിൽ യോഗങ്ങളിൽ പങ്കെടുക്കുകയും മോണിറ്ററിങ്ങിന്റെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. | | | |
| 4. | ചുമതലാവിഭജനം നടത്തിയിട്ടുണ്ട്. അവ നിർവഹിക്കുന്നുണ്ടെന്ന് അവലോകനം ചെയ്യുന്നുണ്ട്. | | | |
| 5. | സ്കൂൾ വികസന പദ്ധതിയിലെ (SDP) പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സ്കൂൾ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, ടീച്ചർ ഗ്രാന്റ് എന്നിവ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ട്. | | | |
| 6. | ഹെഡ്മാസ്റ്റർ ടി.എം. കൃത്യമായി തയ്യാറാക്കി ക്ലാസ്സ് എടുക്കുന്നുണ്ട്. | | | |
| 7. | എല്ലാ അധ്യാപകരും കൃത്യമായി ടീച്ചിംഗ് മാന്വൽ നിർദ്ദിഷ്ട രീതിയിൽ തയ്യാറാക്കുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്. അതിനായി ടി. എം രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. | | | |
| 8. | അധ്യാപകർ നിരന്തര മൂല്യനിർണ്ണയവും യൂണിറ്റ് ടെസ്റ്റ് ഉൾപ്പെടെ ടേം മൂല്യനിർണ്ണയവും നടത്തി കൃത്യമായി രേഖപ്പെടുത്തുന്നു എന്നുറപ്പാക്കുന്നുണ്ട്. | | | |
| 9. | വിലയിരുത്തലിന്റെ ഫലങ്ങൾ യഥാസമയം അപഗ്രഥിക്കുകയും തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നേതൃത്വം നൽകുകയും ചെയ്യുന്നു. | | | |
| 10. | നിർദ്ദേശിക്കപ്പെട്ട (ഡയറ്റ്, എസ്.എസ്.എ, ആർ.എം.എസ്.എ ഡിപ്പാർട്ട് മെന്റ്) പരിശീലന പരിപാടികളിൽ എല്ലാ അധ്യാപകരും പങ്കെടുക്കുന്നുണ്ട്. എസ്. ആർ. ജി.യിൽ ഫീഡ്ബാക്ക് നൽകുന്നുണ്ട്. | | | |
| 11. | പരിശീലനം ലഭിച്ച ക്ലാസ്സ്/വിഷയം എന്നിവയിൽത്തന്നെ എല്ലാ അധ്യാപകരും പരമാവധി ക്ലാസ്സെടുക്കുന്നു എന്നു ഉറപ്പുവരുത്തുന്നുണ്ട്. | | | |
| 12. | മേൽ ഉദ്യോഗസ്ഥർക്ക് ക്ലാസ് മോണിറ്ററിംഗ് സംബന്ധിച്ച റിപ്പോർട്ട് യഥാസമയം നൽകുന്നുണ്ട് | | | |

## IV. ലൈബ്രറി, വിവിധ ലാബുകൾ

* 3 മെച്ചപ്പെട്ടത് 2ശരാശരി 1 ശരാശരിക്ക് താഴെ

| | | 3 | 2 | 1 |
|---|---|---|---|---|
| 1. | എല്ലാ അധ്യാപകരും അവരെടുക്കുന്ന വിഷയത്തിന്റെ പാഠപുസ്തകം, ടീച്ചർ ടെക്സ്റ്റ്, സോഴ്സ് ബുക്ക് എന്നിവ പഠനപ്രക്രിയയിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. | | | |
| 2. | കുട്ടികളുടെ ഉല്പന്നങ്ങൾ ക്ലാസ്സിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. | | | |
| 3 | ഓഡിയോ, വീഡിയോ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള അനുഭവങ്ങൾ കുട്ടികൾക്ക് ലഭിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. (ഡി.വി.ഡി, കമ്പ്യൂട്ടർ, ഓഡിയോ, ടി.വി. എഡ്യൂസാറ്റ്) | | | |
| 4. | ലബോറട്ടറി, ലൈബ്രറി എന്നിവ കൃത്യമായി പരിപാലിക്കുകയും ക്ലാസ്സ് തലങ്ങളിൽ ഉപയോഗിക്കാനുള്ള ക്രമീകരണങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. | | | |

## V. ക്ലബ്, ദിനാഘോഷങ്ങൾ, മറ്റ് ആഘോഷങ്ങൾ

* 3 മെച്ചപ്പെട്ടത്  2ശരാശരി  1 ശരാശരിക്ക് താഴെ

3 2 1

1. നിർദ്ദേശിച്ച ക്ലബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.
2. എല്ലാ കുട്ടികളും ഏതെങ്കിലും ഒരു ക്ലബ്ബിൽ അംഗമാണെന്ന് ഉറപ്പാക്കുന്നുണ്ട്.
3. ദിനാഘോഷങ്ങൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ എന്നിവ മുൻകൂട്ടി ആസൂത്രണം ചെയ്ത് പഠന പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്.
4. ക്ലബ് പ്രവർത്തന രേഖ കുട്ടികൾ സൂക്ഷിക്കുന്നുണ്ട്.

## VI. കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ

* 3 മെച്ചപ്പെട്ടത്  2ശരാശരി  1 ശരാശരിക്ക് താഴെ

3 2 1

1. കരിക്കുലവും സോഴ്സ് ബുക്കുകളും സ്കൂളിൽ ലഭ്യമാണ്.
2. കലാ-കായിക പ്രവൃത്തി പരിചയ മേളകൾ, ശില്പശാലകൾ, സഹവാസ ക്യാമ്പ് എന്നിവ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്
3. നിശ്ചിത പീരിയേഡുകളിലും മറ്റു വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചും കുട്ടികൾക്ക് പഠനാനുഭവം ലഭിക്കുന്നുണ്ട്.
4. പ്രാദേശിക വിദഗ്ദ്ധരുടെ സഹായത്തോടെ കലാ-കായിക പ്രവൃത്തി പരിചയ മേഖലകളിൽ ശില്പശാലകൾ, സഹവാസ ക്യാമ്പ് എന്നിവ സംഘടിപ്പിക്കുന്നുണ്ട്.

## VII. മൂല്യനിർണ്ണയം

* 3 മെച്ചപ്പെട്ടത്  2ശരാശരി  1 ശരാശരിക്ക് താഴെ

3 2 1

1. ടി. എം വിലയിരുത്തൽ പേജ് കൃത്യവും നിരന്തരവുമായി വികസിപ്പിക്കുന്നുണ്ട്.
2. വിലയിരുത്തൽ പേജിലെ കണ്ടെത്തലുകൾക്കനുസരിച്ച് തുടർ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നുണ്ട്.
3. ടി.എം. ന്റെ വിലയിരുത്തൽ പേജിൽ നിന്നും നിരന്തര മൂല്യ നിർണ്ണയ ഫലം ക്രോഡീകരിക്കുന്നുണ്ട്.
4 നിരന്തര മൂല്യ നിർണ്ണയ രേഖ വികസിപ്പിക്കുന്നുണ്ട്.
5. പ്രതിമാസ സി.പി.ടി.എ യിൽ നിരന്തര മൂല്യ നിർണയ ഫലങ്ങൾ വിശദീകരിക്കുന്നുണ്ട്.

## VIII. ഗ്രാന്റുകൾ, മറ്റു സഹായങ്ങൾ

* 3 മെച്ചപ്പെട്ടത്  2ശരാശരി  1 ശരാശരിക്ക് താഴെ

3 2 1

1. സ്കൂൾ ഗ്രാന്റ്/ ടീച്ചർ ഗ്രാന്റ് എന്നിവ വാർഷിക പദ്ധതി നടപ്പാക്കുന്നതിനായാണ് ഉപയോഗിക്കുന്നത്.
2. വാർഷിക പദ്ധതി നടപ്പാക്കുന്നതിനു ആവശ്യമായ വിഭവ സമാഹരണം നടക്കുന്നുണ്ട്.
3. ഗ്രാന്റുകൾ യഥാസമയം ഉപയോഗപ്പെടുത്തുന്നുണ്ട്.

## IX. സാമൂഹിക പങ്കാളിത്തം

* 3 മെച്ചപ്പെട്ടത്  2ശരാശരി  1 ശരാശരിക്ക് താഴെ

| | | 3 | 2 | 1 |
|---|---|---|---|---|
| 1. | വിവിധ സ്കൂൾ തല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട് (പി.ടി.എ, എസ്.എസ്.ജി, എസ്.എം.സി, സി.പി.ടി.എ, എം.പി.ടി.എ, ഉച്ചഭക്ഷണം) | | | |
| 2. | കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്, അക്കാദമിക്ക് പ്രവർത്തനങ്ങളിൽ സഹായിക്കുന്നുണ്ട്. | | | |
| 3. | പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. | | | |
| 4. | ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായം ലഭിക്കുന്നുണ്ട്. | | | |
| 5. | സ്കൂൾ പരിസരം മോടിപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും സമൂഹത്തെ പ്രയോജനപ്പെടുത്തുന്നുണ്ട്. | | | |
| 6. | വാർഷിക പദ്ധതി വിലയിരുത്തുന്നതിന് വിവിധ കമ്മിറ്റികളുടെ (പി.ടി.എ, എസ്.എസ്.ജി, എസ്.എം.സി) സംയുക്ത എക്സിക്യൂട്ടീവ് യോഗം പ്രതിമാസം വിളിച്ച് ചേർക്കുന്നുണ്ട്. | | | |
| 7. | മോണിറ്ററിംഗ് സമിതികളുടെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രമിച്ചിട്ടുണ്ട്. | | | |

## X. സഹായ സംവിധാനം

* 3 മെച്ചപ്പെട്ടത്  2ശരാശരി  1 ശരാശരിക്ക് താഴെ

| | | 3 | 2 | 1 |
|---|---|---|---|---|
| 1. | ബി. ആർ.സി. ട്രെയിനർ/ഒ.എസ്.എസ് എന്നിവയുടെ സഹായം ലഭിക്കുന്നുണ്ട്. | | | |
| 2. | ത്രിതല പഞ്ചായത്തുകളിൽ നിന്ന് അക്കാദമിക സഹായങ്ങൾ ആവശ്യത്തിന് ലഭിക്കുന്നുണ്ട്. | | | |

## XI. പ്രത്യേകമായി പരിഗണിക്കേണ്ട ഇനങ്ങൾ

* 3 മെച്ചപ്പെട്ടത്  2ശരാശരി  1 ശരാശരിക്ക് താഴെ

| | | 3 | 2 | 1 |
|---|---|---|---|---|
| **1.** | ഭൗതിക സൗകര്യങ്ങൾ CWSN കുട്ടിക്ക് അനുയോജ്യമാണ്. | | | |
| 2. | CWSN കുട്ടിക്കായി കരിക്കുലം അനുരൂപീകരണം നടത്തിയിട്ടുണ്ട്. | | | |
| 3. | CWSN ഫണ്ടുകൾ കൃത്യമായും ഫലപ്രദമായും ഉപയോഗിക്കുന്നു. | | | |
| 4. | Resource Teacher's ന്റെ സേവനം ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. | | | |

## XII. ഭൗതികസൗകര്യം

* 3 മെച്ചപ്പെട്ടത്  2ശരാശരി  1 ശരാശരിക്ക് താഴെ

| | | 3 | 2 | 1 |
|---|---|---|---|---|
| 1. | അടച്ചുറപ്പുള്ള ക്ലാസ്മുറി ആവശ്യത്തിനുണ്ട്........................................................ | | | |
| 2. | കുട്ടികൾക്കുള്ള ഇരിപ്പിടസൗകര്യം മികച്ചതാണ്..................................................... | | | |
| 3. | ക്ലാസ്മുറികളും പരിസരവും ശുചിയാക്കുന്നതിനുള്ള സംവിധാനമുണ്ട്.................. | | | |
| 4. | കുടിവെള്ള സൗകര്യമുണ്ട്........................................................................................ | | | |
| 5. | ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനും കഴിക്കുന്നതിനും ശുചിത്വപൂർണമായ സൗകര്യമുണ്ട്......................................................................................................... | | | |
| 6. | പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ആവശ്യത്തിന് പ്രത്യേകം മൂത്രപ്പുരകളുണ്ട്. ........................................................................................................ | | | |
| 7. | മൂത്രപ്പുരകളിൽ ജല ലഭ്യതയുണ്ട്............................................................................ | | | |
| 8. | പരിസരശുചിത്വം ഉറപ്പാക്കുന്നതിനുള്ള സംവിധാനമുണ്ട്......................................... | | | |
| 9. | ചുറ്റുമതിൽ, ഗ്രൗണ്ട്, കിണർ എന്നിവയുണ്ട്............................................................. | | | |
| 10. | എല്ലാ ക്ലാസ്സ്മുറിയും വൈദ്യുതീകരിച്ചിട്ടുണ്ട്............................................................ | | | |

# പ്രഥമാധ്യാപകരുടെ ക്ലാസ് മോണിറ്ററിംഗ് സഹായി

**ഭാഷാപഠനം**

- ഭാഷാവസ്തുതകളെക്കുറിച്ച് കൃത്യമായ ധാരണ രൂപപ്പെട്ടിട്ടുണ്ട്.
- വായനാസാമഗ്രികൾ/റഫറൻസ് സൗകര്യം പ്രയോജനപ്പെടുത്തുന്നുണ്ട്.
- വാചിക/ലിഖിത രചനകൾക്ക് അവസരം ലഭിക്കുന്നുണ്ട്.
- വ്യക്തിഗതമായും ഗ്രൂപ്പുതലത്തിലും എഡിറ്റിംഗ് നടത്തി മെച്ചപ്പെടുത്താൻ അവസരമുണ്ട്.
- ടീച്ചർ വേർഷൻ യഥാവസരം പ്രയോജനപ്പെടുത്താനും അതിന്റെ അടിസ്ഥാനത്തിൽ മെച്ചപ്പെടാനും അവസരമുണ്ട്.
- കുട്ടികളുടെ സൃഷ്ടികൾ, ഉൽപ്പന്നങ്ങൾ എന്നിവ പതിപ്പുകളാക്കാനും പ്രദർശിപ്പിക്കാനും അവസരമുണ്ട്.
- പഠനാശയങ്ങളെ വ്യത്യസ്ത രീതിയിൽ പ്രകടിപ്പിക്കാൻ അവസരമുണ്ട്. (വാചികം, സർഗാത്മകതലം)

## ശാസ്ത്ര/സാമൂഹ്യശാസ്ത്ര ക്ലാസ്

- പ്രശ്നം നിർവചിക്കാൻ കഴിയുന്നു.
- പരികൽപനകൾ രൂപീകരിക്കുന്നു
- ഉചിതമായ ഉപകരണങ്ങൾ വികസിപ്പിക്കുന്നു, ശ്രദ്ധാപൂർവം ഉപയോഗിക്കുന്നു
- വിവിധ സ്രോതസ്സുകളിൽ നിന്ന് വിവരം ശേഖരിക്കുന്നു.
- വിവരങ്ങൾ തരം തിരിച്ച് പട്ടികപ്പെടുത്തുന്നു
- അപഗ്രഥനത്തിലൂടെ നിഗമനത്തിലെത്തുന്നു. നിർദ്ദേശങ്ങൾ കണ്ടെത്തുന്നു.
- കൃത്യതയോടും സൂക്ഷ്മതയോടും റിപ്പോർട്ട് തയ്യാറാക്കുന്നു.
- പരീക്ഷണ വിഷയത്തെക്കുറിച്ച് കൃത്യമായ ധാരണ രൂപപ്പെടുത്തിയിട്ടുണ്ട്.
- പരീക്ഷണത്തിന്റെ ആസൂത്രണം ഫലപ്രദമായിട്ടുണ്ട്.
- പരീക്ഷണത്തിൽ എല്ലാവർക്കും പങ്കാളിത്തം ലഭിച്ചിട്ടുണ്ട്.
- പരീക്ഷണ സാമഗ്രികളും വസ്തുക്കളും സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്നുണ്ട്
- ഓരോ ഘട്ടത്തിലും നിരീക്ഷണഫലങ്ങൾ രേഖപ്പെടുത്തുന്നുണ്ട്.
- നിരീക്ഷണ ഫലങ്ങൾ വിശകലനം ചെയ്ത് നിഗമനം രൂപപ്പെടുത്തുന്നുണ്ട്.

## ഗണിത ശാസ്ത്ര ക്ലാസ്

- പ്രശ്നം അനുഭവപ്പെടുന്നു.
- പ്രശ്നം വ്യാഖ്യാനിക്കാൻ അവസരമുണ്ടാകുന്നു
- പ്രശ്ന നിർധാരണത്തിന് കണ്ടെത്തേണ്ടതെന്താണെന്ന് നിശ്ചയിക്കാൻ കഴിയുന്നു.
- പ്രശ്നത്തിന്റെ ഗണിതപരമായ മാതൃക രൂപീകരിക്കുന്നു.
- പ്രശ്നത്തിന്റെ ഗണിതപരമായ പരിഹാരം കണ്ടെത്തുന്നു.
- ഗണിതപരമായ പരിഹാരം പ്രശ്ന സന്ദർഭത്തിൽ പ്രയോഗിക്കുന്നു.
- പ്രശ്നപരിഹാരം വിലയിരുത്തി മാറ്റം വരുത്താനുള്ള വഴികൾ കണ്ടെത്തുന്നു.

# പ്രഥമാധ്യാപകന്റെ ക്ലാസ് മോണിറ്ററിംഗ് രേഖ

സ്കൂൾ : ടീച്ചറുടെ പേര് :

ക്ലാസ് : പാഠഭാഗം :

വിഷയം : തീയതി :

* അ. വളരെ മെച്ചം ആ. മെച്ചം ഇ. ശരാശരി ഉ. മെച്ചപ്പെടേണ്ടത്

| A | B | C | D |
|---|---|---|---|

| | A | B | C | D |
|---|---|---|---|---|
| യൂണിറ്റ് ഫ്രയിം (ആശയം, നൈപുണി, മനോഭാവം, പഠനനേട്ടങ്ങൾ) എന്നിവയെ ക്കുറിച്ച് ശരിയായ ധാരണയുടെ അടിസ്ഥാനത്തിൽ സമഗ്രാസൂത്രണം നടത്തിയിട്ടു ണ്ട്. | | | | |
| (യൂണിറ്റുതല) സമഗ്രാസൂത്രണ പ്രവർത്തനങ്ങൾ എസ്.ആർ.ജി, സബ്ജക്ട് കൗൺസിൽ യോഗത്തിൽ ചർച്ച ചെയ്ത് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.......... | | | | |
| സമഗ്രാസൂത്രണത്തെ അടിസ്ഥാനമാക്കി ടി.എം തയ്യാറാക്കിയിട്ടുണ്ട്.......................... | | | | |
| അനുയോജ്യമായവ സൂക്ഷ്മമായി ടീച്ചിംഗ് മാന്വൽ രേഖപ്പെടുത്തിയിട്ടുണ്ട്........... | | | | |
| വിലയിരുത്തലുകൾ പരിഗണിച്ച് ടി.എം.ൽ ആവശ്യമായ വ്യതിയാനം വരുത്തിയി ട്ടുണ്ട്. | | | | |
| ലാബ്, ലൈബ്രറി മുതലായവയുടെ ഉപയോഗം ടി.എം.ൽ ഉറപ്പുവരുത്തുന്നുണ്ട് | | | | |
| ടീച്ചിംഗ് മാന്വലിനനുസൃതമായിട്ടാണ് ക്ലാസ് റൂം പ്രക്രിയ നടക്കുന്നത്. | | | | |
| കുട്ടികൾക്ക് വ്യക്തിപരമായും ഗ്രൂപ്പ്തലത്തിലും പ്രവർത്തനങ്ങൾക്കും പരസ്പരം ഇടപെടാനും അവസരം ലഭിക്കുംവിധം പഠനപ്രവർത്തനങ്ങൾ സജീവമാണ് | | | | |
| ചിന്തോദ്ദീപകമായ ചോദ്യങ്ങൾ ചോദിക്കുന്നതിന് കുട്ടികൾക്ക് അവസരം ലഭി ക്കുന്നു. | | | | |
| എല്ലാ കുട്ടികൾക്കും പഠനപ്രക്രിയക്ക് സഹായകമായി പഠനസാമഗ്രികൾ ഉപയോ ഗിക്കാൻ അവസരം ലഭിക്കുന്നു. | | | | |
| സ്വയം വിലയിരുത്തുന്നതിനും പരസ്പരം മെച്ചപ്പെടുന്നതിനും കുട്ടികൾക്ക് അവസരം ലഭിക്കുന്നു. | | | | |
| പഠനപ്രക്രിയക്ക് സഹായകരമാംവിധം ക്ലാസ് ലൈബ്രറി, ലാബ്, ഐ.ടി.സങ്കേത ങ്ങൾ, പ്രാദേശികവിഭവങ്ങൾ തുടങ്ങിയവ പ്രയോജനപ്പെടുത്താൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നുണ്ട്. | | | | |
| CWSN അടക്കമുള്ള ഭിന്നനിലവാരക്കാർക്ക് നിർദ്ദിഷ്ട പഠന നേട്ടങ്ങൾ പ്രാപ്ത മാക്കുന്നതിന് പറ്റുന്ന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. | | | | |
| ഓരോ ക്ലാസിന്റേയും അവസാനം അന്നു നടന്ന പ്രവർത്തനങ്ങളിലെ ആശയം, നൈപുണി തുടങ്ങിയവയുടെ ക്രോഡീകരണം കുട്ടികൾ രേഖപ്പെടുത്തുന്നുണ്ട്. | | | | |
| കുട്ടികളുടെ അവകാശങ്ങൾ പരിഗണിച്ച് ജനാധിപത്യപരമായി ഇടപെടുന്നതിന് കുട്ടികൾക്ക് അവസരമുണ്ട്. | | | | |
| പഠനനേട്ടത്തിലേക്ക് നയിക്കുന്ന രീതിയിൽ കുട്ടികളുടെ പ്രതികരണങ്ങൾ, ടീച്ച റുടെ നിരീക്ഷണങ്ങൾ തുടങ്ങിയവ പ്രതികരണ പേജിൽ രേഖപ്പെടുത്തുന്നു. | | | | |

- വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഭിന്നനിലവാരക്കാരായ കുട്ടികളെ മെച്ചപ്പെടുത്താനുള്ള പ്രവർത്തനം നടത്തുന്നു.
- Reflection notes തയ്യാറാക്കിയിട്ടുണ്ട്.

---

ടീച്ചറുടെ മികവുകൾ

---

ടീച്ചർക്കുള്ള നിർദ്ദേശങ്ങൾ

---

ഹെഡ്മാസ്റ്ററുടെ ഒപ്പ്

---

# വിദ്യാഭ്യാസ ഓഫീസർമാരുടെ സ്കൂൾതല മോണിറ്ററിംഗ് റിപ്പോർട്ട്

**സ്കൂളിന്റെ പേര് .....................** **ഉപജില്ല/വിദ്യാഭ്യാസ ജില്ല ..............................**

**സ്കൂൾ കോഡ് .....................** **UDISE CODE .......................................**

| ക്രം. നം | പ്രവർത്തനം | മികച്ചത് | ഒരു പരിധി വരെ മികച്ചത് | മെച്ചപ്പെടേണ്ടത് | നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| 1 | സ്കൂൾ വികസനപദ്ധതി (SDP) | | | | |
| 2 | പ്രതിമാസ കലണ്ടർ | | | | |
| 3 | പ്രതിവാര എസ്. ആർ.ജി/സബ്ജക്ട് കൗൺസിൽ | | | | |
| 4 | ടീച്ചിംഗ് മാന്വൽ/രജിസ്റ്റർ | | | | |
| 5 | സൂപ്പർ വിഷൻ/ഡയറി | | | | |
| 6 | PTA/MPTA/CPTA/ SMC/SMDC | | | | |
| 7 | SSG | | | | |
| 8 | SSA/RMSA | | | | |
| 9 | ഉച്ചഭക്ഷണം | | | | |
| 10 | CWSN | | | | |

| | | | | | |
|---|---|---|---|---|---|
| 11 | ഗ്രാന്റുകളുടെ ഉപ യോഗം | | | | |

# ലൈബ്രറി

| ക്ര. നം | പ്രവർത്തനം | തരം തിരിച്ച് ആകർഷ മായി വച്ചി ട്ടുണ്ട് | വിതരണ രജിസ്റ്റർ ഉണ്ട് | ക്ലാസ് റൂം പഠ നത്തിന് ഉപ യോഗപ്പെടു ന്നുണ്ട് | നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| 1 | സ്കൂൾ ലൈബ്രറി | | | | |
| 2 | ക്ലാസ് ലൈബ്രറി | | | | |

# ലാബ്

| ക്ര. നം | പ്രവർത്തനം/ഇന ം | ഓരോ ക്ലാസിനും ഉപയുക്തമായ രീതി യിൽ സജ്ജീക രിച്ചിട്ടുണ്ട്. | ലാബിൽ വച്ച് പഠനപ്രവർത്ത നങ്ങൾ നട ത്താറുണ്ട് | വല്ലപ്പോഴും ഉപയോഗപ്പെടു ത്തുന്നുണ്ട് | നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| 1 | സയൻസ് | | | | |
| 2 | ഗണിതം | | | | |
| 3 | ഐ.ടി | | | | |

# കലാ-കായിക പരിശീലനങ്ങൾ

| ഇനം | എല്ലാ കുട്ടികളേയും പരിശീലിപ്പിക്കുന്നു | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ മാത്രം പരിശീലിപ്പിക്കുന്നു | തെരഞ്ഞെടുക്കപ്പെട്ട ഇനങ്ങളിൽ മാത്രം പരിശീലനം നൽകുന്നു | ഫലപ്രദമായ പരിശീലനം നടക്കുന്നില്ല | നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| കായിക പരിശീലനം | | | | | |
| കലാപഠനം | | | | | |

മാസ്ഡ്രിലുകൾ പരിശീലിപ്പിക്കുന്നുണ്ടോ ?

**ടി.പി.എഫ്.പി**

* 3 മെച്ചപ്പെട്ടത് 2ശരാശരി 1 ശരാശരിക്ക് താഴെ

| | 3 | 2 | 1 |
|---|---|---|---|
| - പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നുണ്ടോ ? | ☐ | ☐ | ☐ |
| - കായികക്ഷമത കുറഞ്ഞ കുട്ടികൾക്കായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ? | ☐ | ☐ | ☐ |

- മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

**പ്രവൃത്തി പരിചയം**

* 3 മെച്ചപ്പെട്ടത് 2ശരാശരി 1 ശരാശരിക്ക് താഴെ

| | 3 | 2 | 1 |
|---|---|---|---|
| - പരിശീലനത്തിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ? | ☐ | ☐ | ☐ |
| - പരിശീലന സാമഗ്രികൾ ഒരുക്കിയിട്ടുണ്ടോ ? | ☐ | ☐ | ☐ |
| - എല്ലാ കുട്ടികളേയും പരിശീലിപ്പിക്കുന്നുണ്ടോ ? | ☐ | ☐ | ☐ |
| - പ്രത്യേക താൽപര്യമുള്ള കുട്ടികൾക്ക് മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ ? | ☐ | ☐ | ☐ |
| - കുട്ടികളുടെ ഉൽപ്പന്നങ്ങൾ ശേഖരിച്ച് സൂക്ഷിക്കാൻ സൗകര്യമൊരുക്കിയിട്ടുണ്ടോ ? | ☐ | ☐ | ☐ |
| - കുട്ടികളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനുള്ള അവസരമൊരുക്കാറുണ്ടോ ? | ☐ | ☐ | ☐ |

**ക്ലബ് പ്രവർത്തനങ്ങൾ**

-

-

-

**സ്കൗട്ട്/ഗൈഡ്/ജെ.ആർ.സി/എസ്.പി.സി/എൻ.സി.സി പ്രവർത്തനങ്ങൾ**

-

-

-

**മറ്റ് വകുപ്പുകൾ സ്കൂളിൽ നടത്തുന്ന പ്രവർത്തനങ്ങൾ**

-

-

-

-

**ശ്രദ്ധേയമായ മറ്റ് പ്രവർത്തനങ്ങൾ**

-

-

-

-

**സ്കൂൾ പരിസരം**

-

-

-

-

സ്ഥലം :

തീയതി :

ഒപ്പ് :

പേര് :

ഔദ്യോഗിക വിലാസം :